LIBRARY ARCHIVES Kerala Legislative Assembly

നടക്കാവ് പോലീസ് സ്റ്റേഷൻ വിഭജനം

137 [1695] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സിറ്റിയിൽ നടക്കാവ് പോലീസ് സ്റ്റേഷൻ വിഭജിച്ച് തീരപ്രദേശമായ വെള്ളയിൽ കേന്ദ്രീകരിച്ച പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടികളുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് കെട്ടിടം കണ്ടെത്താൻ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(സി) ഈ പോലീസ് സ്റ്റേഷൻ എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) ഇക്കാര്യത്തിൽ പോലീസ് ഡയറക്ടർ ജനറൽ സമർപ്പിച്ച നിർദ്ദേശങ്ങളിൽ ചില വിശദാംശങ്ങൾ ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) പോലീസ് വകുപ്പ് ഇതു സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2005-2006-ൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

കാസർകോഡ് ജില്ലയിലെ നിലവിലുള്ള എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

138 [1697] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാസർകോട് ജില്ലയിലെ നിലവിലുള്ള എൽ. ഡി. ക്ലാർക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെയായി എത്ര പേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ എത്ര എൽ.ഡി. ക്ലാർക്കുമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ അടിയന്തിരമായി റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ഡി) ബൈ ട്രാൻസ്ഫർ പ്രകാരം ഈ ലിസ്റ്റ് വന്നതിനുശേഷം എത്രപേരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ബൈ ട്രാൻസ്ഫർ പ്രകാരം ഇനിയും എത്ര പേരുടെ ലിസ്റ്റാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?